**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട** **04.02.2020 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : *54**

**പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്ക്കരണം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. കെ. ആൻസലൻ<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. സജി ചെറിയാൻ | | ശ്രീ. ഇ.പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | രാജ്യത്തെ പൊതുമേഖലാസ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുന്ന കേന്ദ്രനയത്തിന്റെ ഭാഗമായി മഹാരത്ന കമ്പനികളിലൊന്നായ കൊച്ചിൻ റിഫൈനറി തുച്ഛവിലയ്ക്ക് കൈമാറാൻ കേന്ദ്ര സർക്കാർ എടുത്തിട്ടുള്ള തീരുമാനം സംസ്ഥാന താല്പര്യത്തെ എങ്ങനെയെല്ലാം ബാധിക്കാനിടയുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) & (ബി) | 2019-20 ൽ 1.05 ലക്ഷം കോടി രൂപ ഓഹരി വിറ്റഴിക്കലിലൂടെ ലക്ഷ്യമിടുന്നു എന്ന കേന്ദ്രസർക്കാരിന്റെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ തുടർച്ചയായി മഹാരത്ന പദവിയിലുള്ളതും ഏകദേശം 5000 കോടി രൂപയിലധികം വാർഷിക ലാഭമുള്ളതുമായ രാജ്യത്തെ വലിയ പെട്രോളിയം കമ്പനികളിലൊന്നായ ബി.പി.സി.എൽ നെ സ്വകാര്യവൽക്കരിക്കുന്നതിനുള്ള നീക്കം ആരംഭിച്ചിട്ടുള്ളത്. കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ സുപ്രധാനമായ സംഭാവന നല്കിവരുന്ന ബി.പി.സി.എൽ സ്വകാര്യവൽക്കരിക്കുന്നതു മൂലം സംസ്ഥാനത്തിന് ഭീമമായ സാമ്പത്തിക നഷ്ടമായിരിക്കും ഉണ്ടാവുക.<br><br>കൊച്ചിൻ റിഫൈനറിയുടെ ഉല്പന്നത്തെ ആശ്രയിച്ച് കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി ആരംഭിക്കാനുദ്ദേശിക്കുന്ന പെട്രോകെമിക്കൽ പാർക്കിന്റെ ഭാവിയെ ബി.പി.സി.എൽ - ന്റെ സ്വകാര്യവൽക്കരണം പ്രതികൂലമായി ബാധിക്കും. സംസ്ഥാനത്തിന്റെ വികസനത്തേയും വ്യവസായവൽക്കരണത്തേയും പ്രതികൂലമായി ബാധിക്കുന്ന ബി.പി.സി.എൽ സ്വകാര്യ-വൽക്കരണം ഉപേക്ഷിക്കണമെന്ന് അഭ്യർത്ഥിച്ച് ബഹു.മുഖ്യമന്ത്രി ബഹു.പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുള്ളതാണ്.<br><br>കൊച്ചി റിഫൈനറിയുടെ സ്വകാര്യ-വൽക്കരണവുമായി ബന്ധപ്പെട്ട് കേന്ദ്ര |
| (ബി) | ഈ നീക്കത്തിൽ നിന്നും പിന്മാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഈ വിഷയത്തിൽ കേന്ദ്രസർക്കാരിന്റെ പ്രതികരണം എന്തായിരുന്നുവെന്ന് അറിയിക്കാമോ; | | |

| | | | |
|---|---|---|---|
| | | | സർക്കാർ തീരുമാനത്തിനെതിരെ ദേശീയ താൽപര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താൽപര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽതന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും നിർദ്ദിഷ്ട ഓഹരി വിറ്റഴിക്കൽ നടപടികളിൽ നിന്നും കേന്ദ്രസർക്കാർ അടിയന്തിരമായി പിന്മാറേണ്ടതുണ്ടെന്നും ആവശ്യപ്പെട്ടുകൊണ്ട് 2019 നവംബർ 19-ാം തീയതി കേരള നിയമസഭ ഐകകണ്ഠേന പ്രമേയം പാസ്സാക്കിയിട്ടുണ്ട്. |
| (സി) | കേന്ദ്ര നയത്തിന് ബദലായി സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനായി സംസ്ഥാന സർക്കാർ സ്വീകരിച്ച് വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (സി) | കേരള സർക്കാരും ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡുമായി ചേർന്നുള്ള സംയുക്ത സംരംഭമായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡിലെ ഭെല്ലിന്റെ ഓഹരികൾ വിറ്റഴിക്കുന്നതിനായി കേന്ദ്രസർക്കാർ തീരുമാനിച്ചപ്പോൾ സ്ഥാപനത്തെ പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനായി ഭെല്ലിന്റെ കൈവശമുള്ള 51% ഓഹരികൾ സംസ്ഥാനം വാങ്ങുന്നതിനായി സ.ഉ (കൈ) നം.78/19/വ്യവ. തീയതി 07.09.2019 പുറപ്പെടുവിക്കുകയും കരാർ ഒപ്പിടുന്നതുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റ് സംസ്ഥാന സർക്കാർ ഏറ്റെടുക്കുവാൻ ഉത്തരവാവുകയും കേന്ദ്ര ഘനവ്യവസായ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ കേന്ദ്ര/കേരള സർക്കാരുകളുടെ നിർദ്ദേശങ്ങളും കൂടി പരിഗണിച്ച് കരട് ധാരണപത്രം ഒപ്പിട്ട് കേന്ദ്ര സർക്കാറിന്റെ അന്തിമ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ കമ്പനി സ്ഥാപിക്കുന്നതിനായി കേരള സർക്കാർ സൗജന്യമായി നൽകിയ 123.12 ഏക്കർ സ്ഥലത്തിന്റെ വില കൂടി വേണമെന്ന കേന്ദ്ര സർക്കാരിന്റെ നിലവിലെ ആവശ്യം ഏറ്റെടുക്കൽ നടപടികളെ മന്ദഗതിയിലാക്കിയിട്ടുണ്ട്. ഇത് പരിഹരിക്കുവാൻ സെക്രട്ടറിതല ചർച്ചകൾ പുരോഗമിച്ച് വരുന്നു.<br><br>ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ) നെ സ്വകാര്യവൽക്കരിക്കുന്ന |

| | | | |
|---|---|---|---|
| | | | നടപടികളിൽ നിന്ന് പിന്മാറണമെന്ന് കേരളം കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും യാതൊരു പരിഗണനയും ലഭിച്ചില്ല. എച്ച്എൻ.എൽ-ൻെറ മാതൃ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനെ ലിക്വിഡേറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ന്യൂഡൽഹിയിലെ NCLT ഉത്തരവ് പ്രകാരം ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ മാതൃസ്ഥാപനമായ HPCL ലിക്വിഡേഷനിൽ ആയതിനാൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ ഓഹരികൾ 25 കോടി രൂപ നൽകി കേരളം വാങ്ങുന്നതിനായി ഓഫിഷ്യൽ ലിക്വഡേറ്ററുമായി ചർച്ച നടത്തിയിരുന്നു. അതിനുള്ള അനുവാദം NCLT ന്യൂഡൽഹി ബഞ്ച് അംഗീകരിച്ചിട്ടുണ്ട്.<br><br>എന്നാൽ HNL ന്റെ ഫിനാൻഷ്യൽ ക്രഡിറ്റർമാർ (RBL Bank Ltd) കൊച്ചി NCLT മുമ്പാകെ സമർപ്പിച്ച അപേക്ഷ അനുസരിച്ച് Interim Resolution Professional (IRP) നെ നിയമിക്കുകയും അവർ അനന്തര നടപടിയായി Committee of Creditors (CoC) രൂപീകരിക്കുകയും ചെയ്തു. വ്യാവസായികാവശ്യത്തിനായി സർക്കാർ നൽകിയ ഭൂമിയും പ്ലാന്റേഷനുവേണ്ടി വനംവകുപ്പ് നൽകിയ ഭൂമിയിലുള്ള അവകാശം സർക്കാരിനായതിനാൽ അവ തിരിച്ചെടുക്കുന്നതിനായി കോട്ടയം ജില്ലാ കളക്ടറും വനംവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും നൽകിയ നോട്ടീസ് സംബന്ധിച്ച വിവരവും IRP യെ സർക്കാർ അറിയിച്ചിരുന്നു. |

**സെക്ഷൻ ഓഫീസർ**